(ബി) വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ;

(സി) വായ്പ മുഴുവൻ അടച്ചുതീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകാൻ ബാക്കിയുണ്ടോ ;

(ഡി) അതോറിറ്റി ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ചു തീർക്കാനുള്ള വായ്പകൾ എഴുതിത്തള്ളാനോ ഒ.ടി.എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽനിന്നും 239 പേർ വായ്പ എടുത്തിരുന്നു. വായ്പ എടുത്തവരിൽ 135 പേർ തിരിച്ചടച്ചിട്ടില്ല. കടിശ്ശിക വായ്പയുടെ പലിശയിൽ വ്യതിയാനം വരുന്നതിനാൽ കൃത്യമായ കടിശ്ശിക തുക കണക്കാക്കിയിട്ടില്ല.

(ബി) വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ചെമ്മനാട്, ചെങ്കള, മൂളിയാർ, മൊഗ്രാൽ-പുത്തൂർ, മധൂർ, കുമ്പള എന്നീ ഗ്രാമപഞ്ചായത്തുകളുടെ കൈവശമാണ് സൂക്ഷിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി വായ്പകൾ എഴുതിത്തള്ളുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. മാത്രവുമല്ല ടി വായ്പകൾ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി, മുഖേന ലഭ്യമാക്കിയിട്ടുള്ളതിനാൽ അപ്രകാരമുള്ള ബാധ്യത ഹഡ്കോയിൽ നിലനിൽക്കുകയുമാണ്.

## കൊയിലാണ്ടി നഗരസഭയുടെ സ്ഥലം ഫയർസ്റ്റേഷന് വിട്ടുനൽകാൻ നടപടി

**109 (1478)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം, കൗൺസിൽ തീരുമാനപ്രകാരം, ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുന്നതിന് സർക്കാരിന്റെ അനുവാദം തേടി സമർപ്പിച്ച അപേക്ഷയിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഫയലിൽ ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്ത് മുൻകൂർ അനുമതിക്കായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും അപേക്ഷയോടൊപ്പം ബി.ടി.ആർ.-ന്റെ പകർപ്പ്, സ്കെച്ച് എന്നിവ ലഭ്യമാക്കാത്തതിനാൽ ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കുന്നംകുളം നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ്**

**110 (1479)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുന്നംകുളം നഗരസഭയുടെ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം പി.പി.പി. മോഡലിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് എത്ര കോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പാർട്ണർ കേരള മിഷനും കുന്നംകുളം നഗരസഭയും സംയുക്തമായ ഗവൺമെന്റ് ഉത്തരവുപ്രകാരം 24-3-2015-ൽ കരാറുടമ്പടി ഒപ്പുവച്ചിട്ടുള്ളതും കുന്നംകുളം മുനിസിപ്പൽ കൗൺസിൽ ഉടമ്പടി അംഗീകരിച്ചിട്ടുള്ളതുമാണ്.

(ബി) പാർട്ണർ കേരള ചീഫ് എക്സിക്യൂട്ടീവ് ആഫീസറും കുന്നംകുളം നഗരസഭാ ചെയർമാൻ, സെക്രട്ടറി തുടങ്ങിയവരും ചേർന്ന് 24-3-2015-ന് കുന്നംകുളം നഗരസഭയിലെ ബസ്സ് സ്റ്റാന്റ് നിർമ്മാണത്തിന് സർവ്വീസ് എഗ്രിമെന്റ് വയ്ക്കുകയുണ്ടായി.



LIBRARY ARCHIVES Kerala Legislative Assembly